പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം :*182 | 06.12.2018 ൽ മറുപടിക്ക്

## വൈദ്യുതി നിയമ ഭേദഗതി ബിൽ

ചോദ്യം

ശ്രീ.ഹൈബി ഈഡൻ
" കെ.സി.ജോസഫ്
"തിരുവഞ്ചൂർ രാധാകൃഷ്ണൻ
" അനിൽ അക്കര

ഉത്തരം

ശ്രീ.എം.എം.മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) രാജ്യത്തെ വൈദ്യുതി മേഖല സമ്പൂർണ്ണമായും സ്വകാര്യവൽക്കരണത്തിലേക്ക് നീങ്ങുന്നതിന് അവസരം നൽകുന്നതാണ് കേന്ദ്രസർക്കാർ തയ്യാറാക്കിയ വൈദ്യുതി നിയമ ഭേദഗതി ബിൽ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. കേന്ദ്ര സർക്കാർ നിലവിൽ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് നിർദ്ദേശങ്ങൾ രാജ്യത്തിലെ വൈദ്യുതി വിതരണ രംഗത്ത് മുതൽമുടക്കില്ലാതെ സ്വകാര്യ മേഖലക്ക് കടന്നുവരാൻ ഇടയാക്കുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പ്രസ്തുത നിയമം പ്രാവർത്തികമാകുന്നതോടുകൂടി ഗാർഹിക ഉപഭോക്താക്കൾക്കുള്ള വൈദ്യുതി നിരക്കിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമോ; | (ബി) നിലവിൽ വാണിജ്യ-വ്യാവസായിക ഉപഭോക്താക്കൾ ഉൾപ്പെടെ കൂടുതൽ വൈദ്യുതി ഉപയോഗിക്കുന്നവരിൽനിന്നു ലഭിക്കുന്ന അധികവരുമാനം (ക്രോസ് സബ്സിഡി) ഗാർഹിക ഉപഭോക്താക്കൾ ഉൾപ്പെടെയുള്ള ചെറുകിട ഉപഭോക്താക്കൾക്ക് കുറഞ്ഞ നിരക്കിൽ വൈദ്യുതി നൽകാൻ സഹായിക്കുന്നുണ്ട്. നിർദ്ദിഷ്ട നിയമഭേദഗതി പ്രാവർത്തികമാക്കിയാൽ പ്രസ്തുത ക്രോസ് സബ്സിഡി സമ്പ്രദായം നിർത്തലാക്കേണ്ടി വരുമെന്നതിനാൽ ചെറുകിട ഉപഭോക്താക്കളുടെ വൈദ്യുതിനിരക്കിൽ വർദ്ധന ഉണ്ടാകാനിടയുണ്ട്. |
| (സി) വൈദ്യുതി മേഖലയിൽ ഈ ഭേദഗതി നിയമം മൂലം ഉണ്ടാകുന്ന മാറ്റങ്ങൾ - എന്തൊക്കെയാണ്; | (സി) നിർദ്ദിഷ്ട ഭേദഗതി വൈദ്യുത വിതരണ മേഖലയെ മൂന്നായി വിഭജിക്കുന്നതിനും വിതരണം, സപ്ലൈമേഖലകളിൽ ഒരേ പ്രദേശത്ത് ഒന്നിലേറെ ലൈസൻസുകൾ നൽകുന്നതിനും അനുമതി നൽകുന്നു. ഇത് ഈ രംഗത്ത് സ്വകാര്യ സംരംഭകർക്ക് അവസരം നൽകുന്നതാണ്. ക്രോസ് സബ്സിഡി സമ്പ്രദായം പൂർണമായി അവസാനിപ്പിക്കുക, വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ഉറപ്പുവരുത്തുക തുടങ്ങിയ ഭേദഗതികളും, ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കാവുന്നതാണ്. ക്രോസ് സബ്സിഡി |

| | |
|---|---|
| | സമ്പ്രദായം അവസാനിപ്പിക്കുന്നത് സാധാരണ ഉപഭോക്താക്കൾക്ക് വൻതോതിൽ വൈദ്യുതി ചാർജ്ജ് വർദ്ധിക്കുന്നതിനും വലിയ ചാർജ്ജ് നൽകിവരുന്ന വൻകിട ഉപഭോക്താക്കളുടെ ചാർജ്ജ് കുറയുന്നതിനും ഇടയാക്കും. ഇത് ഗുരുതരമായ സാമൂഹ്യ പ്രത്യാഘാതം സൃഷ്ടിക്കുന്നതാണ്. വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ അംഗങ്ങളുടെ തിരഞ്ഞെടുപ്പ്, വൈദ്യുതി നിരക്ക് നിർണ്ണയം, സംസ്ഥാനത്തിനുള്ളിലെ വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള വൈദ്യുതിയുടെ ഉപയോഗം തുടങ്ങിയ കാര്യങ്ങളിലെ അധികാരങ്ങൾ കേന്ദ്ര സർക്കാരിൽ നിക്ഷിപ്തമാക്കുന്ന നിർദ്ദേശങ്ങളും വൈദ്യുതി നിയമ ഭേദഗതിയിൽ ഉണ്ട്. ഇത് ഫെഡറൽ ഭരണ വ്യവസ്ഥയെത്തന്നെ തകർക്കുന്ന സമീപനമാണ് സംസ്ഥാന സർക്കാരിന്റെ അധികാര അവകാശങ്ങളിലേക്ക് കേന്ദ്രസർക്കാരിന് രാജ്യത്തെവിടെയും ആർക്കും ഡീംഡ് ലൈസൻസ് അനുവദിക്കുന്നതിനുള്ള അധികാരവും ഭേദഗതി നിർദ്ദേശത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം നിർദ്ദേശങ്ങളെല്ലാം ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതാണ്. |
| (ഡി) നിയമഭേദഗതി വൈദ്യുതി ബോർഡിനെ എപ്രകാരം ബാധിക്കും; വൈദ്യുതി ബോർഡിന് വീലിങ്ങ് ചാർജ് മാത്രമെ ഈടാക്കുവാൻ കഴിയൂ എന്ന നിബന്ധന ബോർഡിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കുന്ന സാഹചര്യം ഉണ്ടാകുമോ; | (ഡി) കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുള്ള വൈദ്യുതി ഭേദഗതി നിയമം പ്രാവർത്തികമാക്കിയാൽ അത് KSEB Ltd പോലുള്ള സർക്കാർ സംരംഭങ്ങളെ പ്രതിസന്ധിയിൽ ആക്കാനിടയുണ്ട്. വൻകിട ഉപഭോക്താക്കൾ ഓപ്പൺ ആക്സസ് വഴി പുറത്തുനിന്ന വൈദ്യുതി കൊണ്ടുവരുമ്പോൾ വീലിംഗ് ചാർജ്ജ് മാത്രം ഈടാക്കിയാൽമതി എന്ന വ്യവസ്ഥ ക്രോസ് സബ്സിഡി സർച്ചാർജ് ഇനത്തിൽ വൈദ്യുതി ബോർഡിന് ലഭിക്കുന്ന വരുമാനം ഇല്ലാതാക്കുന്നതും KSEB Ltd നെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് നയിക്കാൻ സാധ്യതയുള്ളതുമാണ്.. വൈദ്യുത വിതരണ മേഖലയെത്തന്നെ വീണ്ടും മൂന്നായി വിഭജിക്കുന്നതിനും തദ്വാരാ സ്വകാര്യ സംരംഭകരുടെ കൈവശമുള്ള വൈദ്യുതിയോടൊപ്പം KSEB Ltd ന്റെ ചുമതലയിലുള്ള പദ്ധതികളിൽനിന്നുമുള്ള വൈദ്യുതിയും ഉൾപ്പെടെ നിലവിലുള്ള വിതരണ സംവിധാനത്തിലൂടെ ഉപഭോക്താക്കൾക്ക് വിൽക്കുക എന്ന ലാഭ സാധ്യത ഏറെയുള്ള സപ്ലൈ വ്യവസായത്തിലേക്ക് മാത്രമായി സ്വകാര്യ സംരംഭകർ കടന്നുവരുന്നതിനും ഇടയാകാം. ക്രോസ് സബ്സിഡി ഒഴിവാക്കി പകരം സർക്കാർ സബ്സിഡി ബാങ്ക് അക്കൗണ്ടിലൂടെ ഉപഭോക്താവിന് നേരിട്ട് നൽകുന്നത് സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന ജനവിഭാഗത്തിനു വൈദ്യുതി അപ്രാപ്യമാക്കാൻ കാരണമാകും. എല്ലാവർക്കും വൈദ്യുതി എന്ന ലക്ഷ്യത്തിനായി കരാർ ചെയ്തിട്ടുള്ള വൈദ്യുതി സമീപ ഭാവിയിൽതന്നെ ഉപയോഗിക്കാൻ ആകാത്ത സ്ഥിതിയിലേക്ക് KSEB Ltd നെ കൊണ്ടെത്തിക്കും. അങ്ങനെയായാൽ കരാർ പ്രകാരമുള്ള സ്ഥിരവിലയുടെ ബാധ്യത |

| | |
|---|---|
| | സ്ഥാപനത്തിന് താങ്ങാനാകില്ല. വൈദ്യുതിയുടെ കമ്പോളത്തിന്റെ വളർച്ച ലക്ഷ്യമിട്ടുകൊണ്ടുള്ള നിർദ്ദേശങ്ങൾ, ഊഹക്കച്ചവടത്തിനു ഇടയാക്കുമെന്നതും സ്ഥാപനത്തിന്റെ നിലനില്പിനെ ഹനിച്ചേക്കാം. |
| (ഇ) എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണ് ? | (ഇ) നിയമ ഭേദഗതി സംബന്ധിച്ച് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ പവർ വകുപ്പിലെ വിവിധ സ്ഥാപനങ്ങളുടെ പ്രതിനിധികൾ, വൈദ്യുതി രംഗത്തെ വിദഗ്ധർ, വ്യവസായ വാണിജ്യ ഗാർഹിക ഉപഭോക്താക്കളുടെ പ്രതിനിധികൾ, എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരു സംസ്ഥാനതല ശിൽപശാല സംഘടിപ്പിക്കുകയും ഭേദഗതി നിർദ്ദേശം വിശദമായ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്തിട്ടുണ്ട്. ഈ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ ഉൾപ്പെടുത്തി ഭേദഗതി സംബന്ധിച്ച സംസ്ഥാന സർക്കാരിന്റെ അഭിപ്രായം 5-11-2018-ലെ PWR-A1/227/2018-Power മുഖാന്തിരം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച കേന്ദ്രസർക്കാറിന്റെ പ്രതികരണം അറിഞ്ഞിട്ടില്ല. |

[signature]

സെക്ഷൻ ഓഫീസർ